ഉത്തരം

(എ) ഉണ്ട്.

(ബി) നഗരസഭ നടപടികൾ സ്വീകരിച്ചുവരുന്നു. എ. ബി. സി. പ്രോഗ്രാം 2005 ജൂൺമാസം മുതൽ നടപ്പിലാക്കിവരുന്നുണ്ട്. ടി പ്രോഗ്രാം പ്രകാരം പിടിക്കുന്ന പട്ടികളിൽ, ഗുരുതരമായി മുറിവേറ്റവയേയും കലശലായ രോഗാവസ്ഥയിലുള്ളവയേയും വൈറ്ററിനറി ഡോക്ടർ പരിശോധിച്ച് ബോദ്ധ്യപ്പെട്ടശേഷം ദയാവധത്തിന് വിധേയമാക്കുന്നുണ്ട്.

(സി) പേപ്പട്ടി വിഷബാധയ്ക്കെതിരായുള്ള കുത്തിവയ്പ് ബ്ലോക്ക്, പ്രാഥമികാരോഗ്യകേന്ദ്രം മുതൽ മെഡിക്കൽ കോളേജാശുപത്രികൾ വരെയുള്ള ആരോഗ്യ സ്ഥാപനങ്ങളിൽ ദാരിദ്ര്യരേഖയ്ക്ക് താഴെയുള്ളവർക്ക് സൗജന്യമായി നൽകിവരുന്നുണ്ട്. പേപ്പട്ടി വിഷബാധയ്ക്ക് എതിരായുള്ള വാക്സിൻ ഓരോ ജില്ലകളിൽനിന്നും ലഭിക്കുന്ന വാർഷിക ആവശ്യകതാപട്ടിക അനുസരിച്ച് വാങ്ങി വിതരണം ചെയ്യുന്നുണ്ട്.

തെരുവ് നായ്ക്കളെ വന്ധ്യംകരിക്കാൻ നടപടി

229 [3201] *ശ്രീ. സി. പി. മുഹമ്മദ്:*
" വി. ഡി. സതീശൻ:
ഡോ. എം. എ. കുട്ടപ്പൻ:
ശ്രീ. ടി. എൻ. പ്രതാപൻ:
" ബി. വിജയകുമാർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശ സ്വയംഭരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തെരുവ് നായ്ക്കളിൽ നിന്നുണ്ടാകുന്ന ബുദ്ധിമുട്ടുകളിൽ നിന്ന് സുരക്ഷിതത്വം നൽകാൻ ആർക്കാണ് ബാദ്ധ്യതയുള്ളത്;

(ബി) ഇത്തരം നായ്ക്കളിൽ പലതും പേപ്പട്ടികളാണെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) തെരുവ് നായ്ക്കളുടെ കടിയേറ്റ് തിരുവനന്തപുരം നഗരത്തിൽ ഈ വർഷം ഇതുവരെ എത്ര പേരെ പേവിഷചികിത്സയ്ക്ക് വിധേയമാക്കിയിട്ടുണ്ട്;

(ഡി) തെരുവ് നായ്ക്കളെ വന്ധ്യംകരണം ചെയ്യാനുള്ള ഏർപ്പാടുകൾ തിരുവനന്തപുരം നഗരസഭ ഉണ്ടാക്കിയിട്ടുണ്ടോ;

(ഇ) ഈ വർഷം ഇതുവരെ തിരുവനന്തപുരം നഗരസഭയുടെ ആഭിമുഖ്യത്തിൽ എത്ര തെരുവ് നായ്ക്കളെ വന്ധ്യംകരിച്ചിട്ടുണ്ട്;

LIBRARY ARCHIVES Kerala Legislative Assembly

(എഫ്) വന്ധ്യംകരിക്കപ്പെട്ടിട്ടുള്ള നായ്ക്കൾക്ക് പേപിടിക്കാൻ സാദ്ധ്യതയു യുണ്ടോ എന്ന് വ്യക്തമാക്കുമോ;

(ജി) തെരുവ് നായ്ക്കളുടെ ശല്യം ഏതുവിധേന ഇല്ലാതാക്കാനാണ് ഉദ്ദേശിക്കുന്നത്?

ഉത്തരം

(എ) തെരുവ് നായ്ക്കളെ നിയന്ത്രിക്കുന്നതിനുള്ള ചുമതല തദ്ദേശസ്വയം ഭരണ സ്ഥാപനങ്ങൾക്കാണ്.

(ബി) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(സി) തിരുവനന്തപുരം ജനറൽ ആശുപത്രിയിൽമാത്രം 2005 ജനുവരി 1-ാം തീയതി മുതൽ 2005 ജൂലൈ 27-ാം തീയതിവരെ 11,524 പേർക്കും തിരുവനന്തപുരം മെഡിക്കൽ കോളേജിൽ 1600 പേർക്കും പേവിഷബാധയ്ക്കെതി രെയുള്ള വാക്സിൻ നൽകിയിട്ടുണ്ട്.

(ഡി) ഉണ്ട്. എ. ബി. സി. പ്രോഗ്രാം ജൂൺ 2005 മുതൽ നടപ്പാക്കിയിട്ടുണ്ട്.

(ഇ) 58 എണ്ണത്തിനെ.

(എഫ്) വന്ധ്യംകരിച്ച നായ്ക്കൾക്ക് പേപിടിക്കാൻ സാദ്ധ്യതയില്ല. വന്ധ്യംകരിച്ച നായ്ക്കൾക്ക് പേവിഷബാധ നിയന്ത്രണത്തിനുള്ള കുത്തിവയ്പു കൂടി എടുത്താണ് ടി നായ്ക്കളെ പിടിച്ച സ്ഥലത്ത് കൊണ്ടുവിടുന്നത്.

(ജി) എ. ബി. സി. പ്രോഗ്രാം വ്യാപകമായി നടപ്പിലാക്കുന്നതിനാണ് ഉദ്ദേശിക്കുന്നത്. എ. ബി. സി. പ്രോഗ്രാം പ്രകാരം പിടിക്കുന്ന പട്ടികളിൽ ഗുരുത രമായി മുറിവേറ്റതും കലശലായ രോഗാവസ്ഥയിലുള്ളതുമായവയെ വെറ്ററിനറി ഡോക്ടർ പരിശോധിച്ച് ബോധ്യപ്പെട്ടശേഷം ദയാവധത്തിന് വിധേയമാക്കുന്നു.

കേരള ഗ്രന്ഥശാലാസംഘത്തിന് കൈമാറിയ ലൈബ്രറികെട്ടിടത്തിന് വീട്ടുനമ്പർ നൽകാൻ നടപടി

230 [3202] *ശ്രീ. പി. കെ. കെ. ബാവ:* താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശ സ്വയംഭരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മലപ്പുറം ജില്ലയിലെ പി. ഡബ്ല്യു. ഡി. റസ്റ്റ് ഹൗസ് വളപ്പിൽ 1995-ൽ സർക്കാർ അനുവദിച്ച 5 സെന്റ് സ്ഥലത്തിൽ ലോക്കൽ ലൈബ്രറി അതോറിറ്റിയുടെ കീഴിലുള്ള റൂറൽ ലൈബ്രറിക്ക് കെട്ടിടം നിർമ്മിക്കാൻ എസ്. സി. പി. പദ്ധതിയിൽ 3 ലക്ഷം രൂപ നൽകി. 1996-ൽ കൊരമ്പയിൽ അഹമ്മദ്ഹാജി ഉദ്ഘാടനം ചെയ്ത ലൈബ്രറികെട്ടിടത്തിന് 10 വർഷം കഴിഞ്ഞിട്ടും വണ്ടൂർ ഗ്രാമപഞ്ചായത്ത് കെട്ടിടനമ്പർ നൽകിയിട്ടില്ലെന്നകാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

LIBRARY ARCHIVES Kerala Legislative Assembly